# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5063 30.06.2014-ൽ മറുപടിയ്ക്ക്

### മാവോയിസ്റ്റുകളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക സേന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ വനമേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ ; | (എ) 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിലെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത പ്രദേശങ്ങളിലും മറ്റ് സമീപ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| ബി) മാവോയിസ്റ്റുകളെ കണ്ടെത്തുന്നതിന് പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സേനയിൽ എത്ര പേരുണ്ട് ; പ്രസ്തുത സേന എത്ര തവണ പ്രസ്തുത മേഖലകളിൽ പരിശോധന നടത്തിയിട്ടുണ്ട് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി സായുധ സേനാവിഭാഗത്തിലെ 3 കമ്പനി സേനയെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സേന, മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത മേഖലകളിൽ നിരവധി തവണ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതേവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് സുരക്ഷാ കാരണങ്ങളാൽ ആശാസ്യമല്ല. |

സെക്ഷൻ ഓഫീസർ